(ബി) ഈ റൂട്ടിലുള്ള ബസ്സുകളുടെ അപര്യാപ്തതമൂലം വളരെയധികം യാത്രാക്ലേശം തുമ്പ നിവാസികൾക്കുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു പരിഗണിച്ച് കൂടുതൽ ബസ്സുകൾ ഈ റൂട്ടിൽ ഓടിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കിഴക്കേകോട്ട-തുമ്പ റൂട്ടിൽ ദിവസവും സിറ്റിസർവ്വീസിന്റെ 19 ട്രിപ്പുകൾ നടത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

കുമളി കെ. എസ്. ആർ. ടി. സി. ബസ്സ് സ്റ്റേഷൻ

1057 [1565] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പീരുമേട് നിയോജകമണ്ഡലത്തിൽപ്പെട്ട കുമളി കെ. എസ്. ആർ. ടി. സി. ബസ്സ് സ്റ്റേഷന്റെ ശോചനീയസ്ഥിതി പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

കുമളി ബസ്സ് സ്റ്റേഷന്റെ ശോചനീയസ്ഥിതി എന്തെന്ന് അന്വേഷിച്ചു നടപടി സ്വീകരിക്കുന്നതാണ്.

ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ഓഫീസുകളും സബ് ഡിസ്ട്രിക്ട് ഓഫീസുകളും

1058 [1566] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ഓഫീസുകളും സബ് ഡിസ്ട്രിക്ട് ഓഫീസുകളും ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇവയിൽ ഓരോന്നിലും എത്രവീതം പ്രവർത്തനം ആരംഭിച്ചു ;

(സി) അതുകൊണ്ട് ഉണ്ടായിട്ടുള്ള അധികചെലവ് എത്രയെന്ന് പറയാമോ ?

ഉത്തരം

(എ) 28 ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ഓഫീസുകളും 21 സബ് ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ഓഫീസുകളും ഉണ്ട്.

(ബി) 4 ഡിസ്ട്രിക്ട് ഓഫീസുകളും 13 സബ് ഡിസ്ട്രിക്ട് ഓഫീസുകളും പ്രവർത്തനം ആരംഭിച്ചു.

(സി) 118 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly